**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/4813/2024-TV1 തീയതി: 20-07-2024

കൃഷി ഡയറക്ടർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

സർ,

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംസ്ഥാനതല അവാർഡ് 2023 - അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് .

സൂചന:- സർക്കാർ ഉത്തരവ് (സാധാ) നമ്പർ 669/2024/കൃഷി തീയതി 20.07.2024

ഓരോ വർഷവും സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്കായി അവാർഡുകൾ നൽകി വരുന്നുണ്ട്.

സൂചന ഉത്തരവ് പ്രകാരം 2023 വർഷത്തെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നൽകുന്ന കാർഷിക മേഖലക്കുള്ള അവാർഡുകൾ പുനക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് ടി വർഷത്തെ കൃഷിയെ ആസ്പദമാക്കിയാണ് അവാർഡ് നിർണ്ണയിക്കുന്നത്. കേരളത്തിലെ വിവിധ കാർഷിക മേഖലയിലെ കർഷകർ / മികച്ച പാടശേഖര സമിതി/ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ / ശാസ്ത്രജ്ഞന്മാർ / പത്രപ്രവർ ത്തകർ / വിദ്യാഭ്യാസ സ്ഥാപനങ്ങൾ / കാർഷിക മേഖലകളിലെ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന വിവിധ മേഖലകളിലെ വ്യക്തികൾ എന്നിവക്കുള്ള അപേക്ഷകൾ/ നാമനിർദ്ദേശ പത്രികകൾ താഴെ പറയും പ്രകാരം ക്ഷണിക്കുന്നു.

## പുതിയ അവാർഡുകൾ

| ക്രമ നം. | അവാർഡിന്റെ പേര് | വിശദാംശം |
|---|---|---|
| 1 | ശ്രീ. സി. അച്ചുതമേനോൻ സ്മാരക അവാർഡ് (കേരളത്തിലെ മുൻ മുഖ്യമന്ത്രിയും ആദ്യ മന്ത്രി സഭയിലെ കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ. സി. അച്ചുതമേനോന്റെ പേരിൽ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്ന അവാർഡ്) | 10 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 2 | എം.എസ് സ്വാമിനാഥൻ അവാർഡ് (കാർഷിക ഗവേഷണത്തിന്) | ഫലകം, സർട്ടിഫിക്കറ്റ് |
| 3 | അതാത് വർഷങ്ങളിൽ കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ മികവോടെ നടപ്പിലാക്കിയ കൃഷി ഭവനു നൽകുന്ന അവാർഡ് (2023-മില്ലറ്റ് പദ്ധതി) | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 4 | കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വ്യക്തിക്ക് നൽകുന്ന അവാർഡ് | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |

## നിലവിലുള്ള അവാർഡുകൾ

| ക്രമ നം. | അവാർഡിന്റെ പേര് | വിശദാംശം |
|---|---|---|
| | ശ്രീ. വി.വി രാഘവൻ സ്മാരക അവാർഡ് | |

| | | | |
|---|---|---|---|
| 5 | (കൃഷിഭവനുകൾ സ്ഥാപിച്ച, മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.വി രാഘവന്റെ പേരിൽ, മികച്ച പ്രവർത്തനം കാഴ്ചവച്ച കൃഷിഭവനു നൽകുന്ന അവാർഡ്) | | 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 6 | പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ (മിത്രാനികേതൻ) മെമ്മോറിയൽ നെൽക്കതിർ അവാർഡ് | | 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 7 | ജൈവകൃഷി നടത്തുന്ന ആദിവാസി ഊര് / ക്ലസ്റ്റർ | ഒന്നാം സ്ഥാനം | 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 8 | സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 9 | കേരകേസരി | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 10 | പൈതൃക കൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര്/ വ്യക്തി | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 11 | ജൈവ കർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 12 | യുവ കർഷക/ യുവകർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 13 | ഹരിത മിത്ര | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 14 | ഹൈടെക് കർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 15 | കർഷകജ്യോതി | | 1 ലക്ഷം രൂപ, ഫലകം, |

| | | |
|---|---|---|
| | | സർട്ടിഫിക്കറ്റ് |
| 16 | തേനീച്ച കർഷകൻ | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 17 | കർഷകതിലകം (വനിത ) | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 18 | ശ്രമശക്തി | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 19 | കാർഷിക മേഖലയിലെ നൂതന ആശയം | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 20 | കർഷകഭാരതി | |
| | a) അച്ചടി മാധ്യമം | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | b) ദൃശ്യ മാധ്യമം | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | c) നവ മാധ്യമം | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | d) ശ്രവ്യ മാധ്യമം | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 21 | ക്ഷോണിസംരക്ഷണ അവാർഡ് | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 22 | മികച്ച കൂൺ കർഷക/ കർഷകൻ | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 23 | ചക്ക സംസ്കരണം/ മൂല്യവർദ്ധന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ ഗ്രൂപ്പ് | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | | |

| | | | |
|---|---|---|---|
| 24 | കൃഷിക്കൂട്ടം | | |
| | എ) ഉൽപ്പാദന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | ബി) സേവന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | സി) മൂല്യവർദ്ധിത മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 25 | കര്ഷക വിദ്യാര്ത്ഥി (സ്കൂള്) | | 25,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 26 | കർഷക വിദ്യാര്ത്ഥി (ഹയര് സെക്കന്ററി സ്കൂൾ) | | 25,000/-രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 27 | കർഷക വിദ്യാര്ത്ഥി (കലാലയം) | | 25,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 28 | കാർഷിക മേഖലയിൽ കയറ്റുമതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ഗ്രൂപ്പ് | | ഫലകം, സർട്ടിഫിക്കറ്റ് |
| 29 | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) | | ഫലകം, സർട്ടിഫിക്കറ്റ് |
| 30 | എഫ്.പി.ഒ / എഫ്.പി.സി | | ഫലകം, സർട്ടിഫിക്കറ്റ് |
| 31 | റെസിഡന്സ് അസോസിയേഷൻ | | ഫലകം, സർട്ടിഫിക്കറ്റ് |
| 32 | വിദ്യാഭ്യാസ സ്ഥാപനം | ഒന്നാം സ്ഥാനം | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 25,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 33 | സ്പെഷ്യൽ സ്കൂൾ | ഒന്നാം സ്ഥാനം | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 25,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 34 | പച്ചക്കറി ക്ലസ്റ്റര് | | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 35 | പോഷക തോട്ടം | | 50,000/- രൂപ,ഫലകം, സർട്ടിഫിക്കറ്റ് |
| 36 | പൊതു മേഖല സ്ഥാപനം | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| 37 | സ്വകാര്യ സ്ഥാപനം | | ഫലകം, സർട്ടിഫിക്കറ്റ് |
| 38 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| 39 | ഫാം ഓഫീസർ | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | |
| 40 | കൃഷി ഓഫീസർ | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| 41 | അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |

അവാർഡുകളുടെ മാനദണ്ഡങ്ങൾ **അനുബന്ധം 1 ൽ** ചേർത്തിരിക്കുന്നു. താഴെ പറയുന്ന **നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.**

- ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ നിശ്ചിത തീയതിക്കു മുമ്പ് അപേക്ഷ നൽകേണ്ടതാണ്. വിശദ വിവരങ്ങൾ കൃഷിഡയറക്ടറുടെ വെബ്സൈറ്റിൽ ലഭ്യമാണ് ( www.karshikakeralam.gov.in).
- നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പത്രങ്ങളിൽ പരസ്യം ചെയ്യുകയും ജില്ലാതല, പഞ്ചായത്തുതല കാർഷിക വികസന സമിതികളിൽ ചർച്ച ചെയ്യേണ്ടതുമാണ്.
- കേരളത്തിൽ സ്ഥിര താമസക്കാരായ പൗരന്മാരാണ് അവാർഡിന് നോമിനേഷൻ സമർപ്പിക്കുന്നതിന് യോഗ്യരായിട്ടുള്ളത്.
- കഴിഞ്ഞ മൂന്നു വർഷങ്ങളിലെ അവാർഡ് ജേതാക്കളെ നടപ്പു വർഷത്തെ അവാർഡിന് പരിഗണിക്കുന്നതല്ല.
- പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി ചെയ്യുന്ന പൊതു/സ്വകാര്യസ്ഥാപനങ്ങൾക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്.
- അവാർഡ് പ്രചാരണ നോട്ടീസുകൾ കൃഷി ഭവനുകൾ, പഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിലെ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും വേണ്ടത്ര പ്രചാരണം നൽകേണ്ടതുമാണ്.
- **ജില്ലാതലത്തിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധനകൾ നടത്തി ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച ഒരു നോമിനേഷൻ മാത്രമേ സംസ്ഥാനതല കമ്മിറ്റിയ്ക്ക് നൽകാവൂ.**

- അവാർഡ്ന് അപേക്ഷയോടൊപ്പം കൃഷിയിടത്തിന്റെ ഫോട്ടോകൾ, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച ഡിജിറ്റൽ ഡാറ്റ, മാധ്യമങ്ങളിൽ വന്ന വാർത്തകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ് .

- **അപേക്ഷകന്റെ പൂർണ്ണമായ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. (തിരിച്ചറിയൽ രേഖ, നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പടെ )**

- ജില്ലകളിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ **അപേക്ഷകന്റെ ഫോട്ടോയുടെ 3 കോപ്പി** കൂടി ഉൾപ്പെടുത്തേണ്ടതാണ്.

- അപേക്ഷകൾ 25.07.2024 വരെ കൃഷിഭവനുകളിൽ സ്വീകരിക്കുന്നതായിരിക്കും.

- അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ പ്രഥമ പരിശോധനയ്ക്ക് ശേഷം (അതായത് വിളകളുടെ ഉല്പാദനം, ഇനം എന്നിവ രേഖപ്പെടുത്തി) കൃഷി ഓഫീസറുടെ ശുപാർശയോടെ 27.07.2024വരെ ജില്ലാതല അവാർഡ് കമ്മിറ്റി കൺവീനർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ) അയച്ചുകൊടുക്കേണ്ടതാണ്. ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 30.07.2024 ന് മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

- കർഷകഭാരതി അവാർഡിനുള്ള അപേക്ഷകൾ (ക്രമനം. 2 0 ) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്.ഐ.ബിയ്ക്ക് 27.07.2024 ന് മുമ്പ് ലഭിക്കത്തക്ക വിധം അയച്ചുകൊടുക്കേണ്ടതാണ് .

- ക്ഷോണി സംരക്ഷണ (ക്രമനം.21) അപേക്ഷകൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പരിശോധിച്ച് ജില്ലാതല കമ്മിറ്റി കൺവീനർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ) 27.07.2024ന് മുമ്പായി അയച്ച് കൊടുക്കേണ്ടതുമാണ് . ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി 30.07.2024 ന് മുമ്പായി അപേക്ഷകൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ് .

- ക്രമനമ്പർ 2 **(എം.എസ് സ്വാമിനാഥൻ അവാർഡ് (കാർഷിക ഗവേഷണത്തിന്))** നുള്ള അപേക്ഷ 27.07.2024 ന് മുമ്പായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ ശുപാർശയോടു കൂടി അപേക്ഷകൾ 30.07.2024 ന മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

- ഏറ്റവും നല്ല യുവകർഷകൻ/യുവകർഷക-യ്ക്കുള്ള അപേക്ഷ 18-40നും മദ്ധ്യേ പ്രായമുള്ളവരിൽ നിന്നും ക്ഷണിക്കേണ്ടതാണ്. വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ 25.07.2024 ന് മുമ്പായി കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്.

- പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ദിനപത്രങ്ങൾ, ആകാശവാണി എന്നിവയിലൂടെ പരസ്യം നൽകേണ്ടതാണ്.

- ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രധാനപ്പെട്ട ദിനപ്പത്രങ്ങൾ, ആകാശവാണി എന്നിവയിലൂടെ പരസ്യം നൽകേണ്ടതാണ്.

- കിസാൻ കൃഷിദീപം- IITMK, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നൂറുമേനി, ഞാറ്റുവേല, കാർഷിക വാർത്തകൾ, കുട്ടനാട് എഫ്.എം എന്നീ പരിപാടികളിലൂടെയും സാമൂഹ്യ മാധ്യമങ്ങൾ വഴിയും അവാർഡിനെപ്പറ്റി പരസ്യം നൽകേണ്ടതാണ്.

- ജില്ലാതലത്തിൽ അവാർഡ് നിർണ്ണയിക്കുന്നതിനായി ഒരു ജില്ലാതല അവാർഡ് കമ്മിറ്റി മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

- പ്രധാനമായും അവാർഡ് വർഷത്തെ വ്യക്തികളുടെയും, സമിതികളുടെയും കാർഷികപ്രവർത്തനങ്ങൾ ആണ് വിലയിരുത്തേണ്ടത്.

- സ്ഥലപരിശോധന നടത്തിയതിനുശേഷം പരിശോധന നടന്ന തീയതി, കമ്മിറ്റിയിലുണ്ടായിരുന്ന അംഗങ്ങളുടെ വിശദ വിവരങ്ങൾ, ജില്ലാതല കമ്മിറ്റിയുടെ റിപ്പോർട്ട് ശുപാർശ എന്നിവ അപേക്ഷയോടൊപ്പം സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ ശുപാർശ ഇല്ലാത്ത അപേക്ഷകൾ സ്റ്റേറ്റ് ലവൽ കമ്മിറ്റി സ്വീകരിക്കുന്നതല്ല.

- ഓരോ അവാർഡിനും ഏറ്റവും അർഹമായ ഒരു അപേക്ഷ മാത്രം ഓരോ ജില്ലയിൽ നിന്നും സ്റ്റേറ്റ് ലെവൽ കമ്മിറ്റിയ്ക്ക് 30.07.2024 ന് മുമ്പ് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തിയ ക്രോപ്പ് കട്ടിംഗ് സർവ്വേ റിപ്പോർട്ടിന്റെ റിസൾട്ട് (കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതും ജില്ലാ കൃഷി ഓഫീസർ മേലൊപ്പുവച്ചതും) എല്ലാ നെൽകതിർ അവാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- വിവിധ അവാർഡുകൾക്ക് ഏറ്റവും മികച്ച കർഷകരെ കണ്ടെത്തുന്നതിന് ആത്മ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. **അപേക്ഷ ലഭിക്കാതെ തന്നെ ജില്ലയിലെ മികച്ച കർഷകരെ കണ്ടെത്തി നോമിനേറ്റ് ചെയ്യാവുന്നതാണ്.**

- ഈ വിവരങ്ങൾ എല്ലാ കൃഷിഭവനുകളിലും താങ്കളുടെ ജില്ലയിൽ ജോലി ചെയ്യുന്ന ഓഫീസർമാർക്കും അയച്ചു കൊടുക്കേണ്ടതാണ്. എല്ലാ ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ അപേക്ഷകൾ ശേഖരിക്കാൻ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

| | |
|---|---|
| അവാർഡിന്റെ അപേക്ഷ സമർപ്പിക്കേണ്ട ഓഫീസിന്റെ പേര് | **കൃഷി ഭവൻ** |

| | |
|---|---|
| കൃഷി ഭവനിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി | 25.07.2024 |
| ജില്ലാതല കമ്മിറ്റിക്ക് അപേക്ഷ ലഭിക്കേണ്ട അവസാന തീയതി | 27.07.2024 |
| കൃഷി ഡയറക്ടറേറ്റിൽ ലഭിക്കേണ്ട അവസാന തീയതി | 30.07.2024 |
| അവാർഡ് നിർണ്ണയ സബ്കമ്മിറ്റികളുടെ ഫീൽഡ് സന്ദർശനം | 02.08.2024 **മുതൽ** 09.08.2024**വരെ** |
| സബ്കമ്മിറ്റികളുടെ റിപ്പോർട്ട് ക്രോഡീകരണം | 10.08.2024 |
| സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ യോഗം - സബ്കമ്മിറ്റികളുടെ സ്ഥലപരിശോധന റിപ്പോർട്ട് അവതരണവും അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കലും | 12.08.2024 |
| സംസ്ഥാനതല അവാർഡ് പ്രഖ്യാപനം | 13.08.2024 |

- **<u>ജില്ലാതല അവാർഡ് കമ്മിറ്റി</u>**

എല്ലാ അവാർഡുകളുടെയും ഫീൽഡ്തല പരിശോധനക്കു വേണ്ടി ജില്ലാതലത്തിൽ ഒരു അവാർഡ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. കമ്മിറ്റിയുടെ ഘടന താഴപ്പറയും പ്രകാരം ആണ്.

ചെയർമാൻ - പ്രിൻസിപ്പൽ കൃഷി ഓഫീസർ

കൺവീനർ - കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)

**അംഗങ്ങൾ** -

- മൃഗ സംരക്ഷണ വകുപ്പ് പ്രതിനിധി
- കേരള കാർഷിക സർവകലാശാല / കെ.വി.കെ പ്രതിനിധി
- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധി
- പ്രോജക്ട് ഡയറക്ടർ, ആത്മ

- ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്
- ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യു .എം), (എൻ.ഡബ്ല്യു.ഡി.പി.ആർ.എ), (വൈ.പി), (എച്ച്)
- അതാത് ജില്ലകളിലെ ഫാംസ്, ബ്ലോക്ക്, മാർക്കറ്റിംഗ് കൃഷി അസിസ്റ്റന്റ് ഡയറക്ടമാർ

- **<u>സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി</u>**

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

ചെയർമാൻ - കാർഷികോത്പാദന കമ്മീഷണർ

കൺവീനർ - കൃഷി ഡയറക്ടർ

**അംഗങ്ങൾ**

1. ഡയറക്ടർ ഓഫ് റിസർച്ച്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ
2. ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, എക്സ്റ്റൻഷൻ കമ്മ്യൂണിക്കേഷൻ സെന്റർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ
3. ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
4. ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
5. ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
6. ഡയറക്ടർ, സി.ടി.സി.ആർ.ഐ, ശ്രീകാര്യം, തിരുവനന്തപുരം
7. ഡയറക്ടർ, സി.പി.സി.ആർ.ഐ, കാസറഗോഡ്
8. ഡയറക്ടർ, കേരള സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
9. ഡീൻ, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം
10. ചീഫ് അഗ്രികൾച്ചർ, സ്റ്റേറ്റ് പ്ലാനിങ് ബോർഡ്
11. കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ), കൃഷി ഡയറക്ടറേറ്റ്
12. കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ് & ബയോഗ്യാസ് ), കൃഷി ഡയറക്ടറേറ്റ്
13. സംസ്ഥാനതല പ്രതിനിധി, വിദ്യാഭ്യാസ സ്ഥാപനം
14. കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ് ), കൃഷി ഡയറക്ടറേറ്റ്

15. ഡയറക്ടർ, സമേതി
16. സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ, കൃഷി ഡയറക്ടറേറ്റ്
17. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്.ഐ.ബി
18. മാനേജിങ് ഡയറക്ടർ, എസ്.എഫ്.എ.സി
19. മാനേജിങ് ഡയറക്ടർ, ഹോർട്ടികോർപ്പ്
20. കൃഷി ജോയിന്റ് ഡയറക്ടർ (എ.ആർ&റ്റി), കൃഷി ഡയറക്ടറേറ്റ്
21. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഓർഗാനിക് ഫാർമിംഗ് സെൽ, കൃഷി ഡയറക്ടറേറ്റ്
22. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി സെൽ, കൃഷി ഡയറക്ടറേറ്റ്

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയെ സഹായിക്കുന്നതിലേക്കായി സബ് കമ്മിറ്റികൾ പ്രവർത്തിക്കുന്നതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകി വരുന്ന മാധ്യമ മേഖലയിലുള്ള അവാർഡുകൾക്ക് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ കമ്മിറ്റി രൂപീകരിക്കേണ്ടതും ആയത് കൃഷി ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.. ഉദ്യോഗസ്ഥർക്കുള്ള അവാർഡ് നിർണ്ണയിക്കുന്നതിന് ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. ഓരോ സബ്കമ്മിറ്റിയിലെയും അംഗങ്ങളെ സംസ്ഥാനതല അവാർഡ് കമ്മിറ്റി / കൃഷി ഡയറക്ടർ നോമിനേറ്റ് ചെയ്യുന്നതാണ്. ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി അവാർഡ് നിർണ്ണയിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സബ്കമ്മിറ്റികളുടെ ഉത്തരവാദിത്തമാണ്. സബ്കമ്മിറ്റിയുടെ കൺവീനർമാരെ കൃഷി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്നതായിരിക്കും.

ജില്ലാതല അവാർഡു കമ്മിറ്റി കൃഷിയിടം സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തണം. മാനദണ്ഡങ്ങൾ പ്രകാരം **ജില്ലാതലത്തിൽ 1-ാം സ്ഥാനത്തിനു യോഗ്യതയുള്ളവരെ മാത്രം സംസ്ഥാനതല അവാർഡിന് ശുപാർശ ചെയ്യാവുന്നതാണ്.**

വിശ്വസ്തതയോടെ

Signed by
Adeela Abdulla
Date: 20-07-2024 18:12:44

Dr ADEELA ABDULLA IAS
DIRECTOR

പകർപ്പ്: 1) പി.ഐ.ഒ, എഫ്.ഐ.ബി (ആകാശവാണി ദൂരദർശൻ, ദിനപ്പത്രങ്ങൾ എന്നിവയ്ക്ക് പരസ്യം നൽകുന്നതിനും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും )

2) ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് (ആമുഖ കത്ത്

സഹിതം)

3) ഡയറക്ടർ ഓഫ് റിസർച്ച്(കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര)

4) ഡയറക്ടർ, SHM

5) അഡീഷണൽ ഡയറക്ടർ(മണ്ണ് സംരക്ഷണം, തിരുവനന്തപുരം.)

6) ഡയറക്ടർ, സിപിസിആർഐ, സിറ്റിസിആർഐ (ആമുഖ കത്ത് സഹിതം)

7) കിസാൻ III റ്റിഎംകെ (പരസ്യം നൽകുന്നതിനായി)

8) ഡയറി ഡിപ്പാർട്ട്മെന്റ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)

9) കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസർമാർക്കും

10) ഐ.റ്റി. സെൽ, വെബ്സൈറ്റ് പബ്ലിഷിംഗിന് വേണ്ടി

11) സ്റ്റോക്ക് ഫയൽ/അധികം.

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/4813/2024-TV1 തീയതി : **20-07-2024**

**അനുബന്ധം 1**

**വിവിധ അവാർഡിന്റെ മാനദണ്ഡങ്ങൾ**

| നം. | അവാര്ഡിന്റെ പേര് | മാനദണ്ഡങ്ങള് |
|---|---|---|
| 1 | ശ്രീ. സി. അച്ച്യുതമേനോൻ സ്മാരക അവാർഡ് (കേരളത്തിലെ മുൻ മുഖ്യമന്ത്രിയും ആദ്യ മന്ത്രി സഭയിലെ കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ. സി. അച്ച്യുതമേനോന്റെ പേരിൽ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നല്കുന്ന അവാര്ഡ്) | 1. കാർഷിക മേഖലയിൽ (അനുബന്ധ മേഖല ഒഴിവാക്കി ) പ്രവർത്തനത്തിന് വേണ്ടി ജനകിയാസൂത്രണ പദ്ധതിയിൽ കൂടുതൽ ശതമാനം തുക പദ്ധതിവിഹിതം വിനിയോഗിച്ച തദ്ദേശസ്വയംഭരണ സ്ഥാപനം.<br>2. കൃഷി ഭവനുകൾക്കു മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനം.<br>3. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണികൾക്ക് കൂടുതൽ സൗകര്യം ഒരുക്കികൊടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം.<br>4. തരിശുരഹിത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മുൻഗണനന.<br>5. തനതു ഫണ്ട് കാർഷിക മേഖലയിലേയ്ക്ക് പ്രയോജനപ്പെടുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനം.<br>6. കാർഷിക മൂല്യവർദ്ധന സംരംഭങ്ങൾക്കും വിപണിയ്ക്കും സൗകര്യങ്ങളൊരുക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനം.<br>7. എം.എൻ.ആർ.ഇ.ജി.എസ് - കുടുംബശ്രീ സംവിധാനത്തെ ഫലപ്രദമായി കാർഷിക മേഖലയിലേയ്ക്ക് ഉപയോഗപ്പെടുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനം.<br>8. കൃഷിക്കൂട്ടങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി സംഘടനാ സംവിധാനം ഒരുക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനം. |
| | | **മികച്ച കൃഷി ശാസ്ത്രജ്ഞന് (എം.എസ് സ്വാമിനാഥന് അവാര്ഡ്)** |

| | | |
|---|---|---|
| 2 | എം.എസ് സ്വാമിനാഥൻ അവാർഡ് (കാര്ഷിക ഗവേഷണത്തിന്) | 1. കൃഷി ശാസ്ത്രത്തില് ഗവേഷണം നടത്തുന്ന സംസ്ഥാനത്തിലെ KAU/ ICAR സ്ഥാപനത്തിലെ ശാസ്ത്രജ്ഞന്.<br>2. ഗവേഷണ ഫലങ്ങള് ആനുകാലിക പ്രധാന്യമുള്ളതും കൃഷിയിടങ്ങളില് കര്ഷകന് അനുവര്ത്തിക്കുന്നതുമായിരിക്കണം. (% of adoption in the field will be considered.)<br>3. സാങ്കേതിക വിദ്യകര്ഷകരുടെ കൃഷിയിടങ്ങളില് വിജയിച്ചവ ആയിരിക്കണം. |
| 3 | അതാത് വര്ഷങ്ങളില് കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികള് മികവോടെ നടപ്പിലാക്കിയ കൃഷി ഭവനു നല്കുന്ന അവാര്ഡ് (2023-മില്ലറ്റ് പദ്ധതി) | 1. പരമാവധി വിസ്തീർണ്ണം / ഇനം കൃഷി ഇറക്കിയിട്ടുള്ള കർഷകർ ഉൾപ്പെടുന്ന കൃഷിഭവൻ<br>2. പരമ്പരാഗത രീതിയിൽ പരമ്പരാഗത ഇനം ചെറുധാന്യ കൃഷി ചെയ്യുന്നതിന് പ്രോഹത്സാഹനം നൽകിയിട്ടുള്ള കൃഷിഭവൻ<br>3. തരിശു കൃഷിയിടങ്ങളിൽ ചെറുധാന്യകൃഷി വ്യാപനം നടത്തിയിട്ടുള്ളതും സംഭരണം, വിപണനം (മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ) എന്നീ മേഖലയിൽ പ്രാവിണ്യം തെളിയിച്ചിട്ടുള്ള കൃഷി ഭവനുകൾക്ക് മുൻഗണന<br>4. ചെറുധാന്യ കൃഷിയിൽ പ്രാദേശികമായി സെമിനാറുകൾ, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ എന്നിവ നടപ്പിലാക്കിയിട്ടുള്ള കൃഷിഭവനു മുൻഗണന |
| 4 | കാര്ഷിക പ്രവര്ത്തനങ്ങളില് ഏര്പ്പെട്ടിരിക്കുന്ന ട്രാന്സ്ജെന്ഡര് വിഭാഗത്തിലുള്ള വ്യക്തിക്ക് നൽകുന്ന അവാർഡ് | കാർഷിക മേഖലയിലോ കാർഷിക പ്രവർത്തിയിലോ ഏർപ്പെട്ടിരിക്കുന്ന ട്രാൻസ്ജൻഡർ (കർഷകർ/ സ്വന്തമായി കൃഷി ചെയ്യുന്നവർ /സംരംഭകർ / തൊഴിലാളികളുമാകാം) |
| | | 1. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2023-24) സംസ്ഥാന/ കേന്ദ്ര / ജനകീയാസൂത്രണ പദ്ധതികളിൽ കൃഷിയ്ക്കായി ഏറ്റവും കൂടുതൽ ശതമാനം ചെലവഴിച്ച കൃഷിഭവൻ.<br>2. ഇക്കോഷോപ്പ് / പ്ലാന്റ് ഹെൽത്ത് ക്ലിനിക് / കാർഷിക കർമ്മസേന / അഗ്രോസർവ്വീസ് സെന്റർ / കൃഷിശ്രീ സ |

| | | |
|---|---|---|
| 5 | ശ്രീ. വി.വി രാഘവൻ സ്മാരക അവാർഡ് (കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൃഷിഭവനുകൾ സ്ഥാപിച്ച, മുൻ കൃഷിവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി.വി രാഘവന്റെ പേരിൽ ഉള്ള, മികച്ച പ്രവർത്തനം കാഴ്ചവച്ച കൃഷിഭവനു നൽകുന്ന അവാർഡ്) | െന്റർ തുടങ്ങിയവ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ.<br>3. കാർഷിക വിപണനത്തിനു ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയ കൃഷിഭവൻ.<br>4. കാർഷിക വികസന സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനം.<br>5. കർഷകർക്ക് പ്രയോജനകരമാകുന്ന നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കൃഷിഭവൻ.<br>6. ഡിജിറ്റൽ സാങ്കേതിക വിദ്യാ പ്രയോജനപ്പെടുത്തുന്ന കൃഷിഭവൻ.<br>7. മൂല്യവർദ്ധന മേഖലയിൽ ഏറ്റവും കൂടുതൽ ഗ്രൂപ്പ് / സംരംഭം എന്നിവയിൽ ഇടപെടലുകൾ നടത്തിയിട്ടുള്ള കൃഷിഭവൻ.<br>8. കൂടുതൽ കർഷകരെ AIMS പോർട്ടലിൽ ചേർത്ത കൃഷിഭവൻ.<br>9. വിള ഇൻഷുറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർത്ത കൃഷിഭവൻ.<br>10. Agriculture Infrastructure Fund കൂടുതൽ ലഭ്യമാക്കിയ കൃഷിഭവൻ.<br>11. കേരളകർഷകൻ മാസികയിൽ കൂടുതൽ കർഷകരെ വരിക്കാരാക്കിയ കൃഷിഭവൻ.<br>12. മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ കൃഷിഭവൻ<br>13. ഹൈടെക് കൃഷിമുറകൾ / നവീന കാർഷിക മുറകൾ എന്നിവ കർഷകരിലെത്തിച്ച്, കർഷക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്ത കൃഷിഭവൻ .<br>14. കൃഷിക്കൂട്ടങ്ങള്, ഫാം പ്ലാന്, 'ഒരു കൃഷി ഭവന് ഒരു ഉല്പ്പന്നം', കേരളാഗ്രോ ബ്രാന്ഡിംഗ് ഉല്പ്പന്നങ്ങള് എന്നിവയില് മികവ് തെളിയിച്ച കൃഷിഭവൻ.<br>15. തരിശുഭൂമി കാർഷികയോഗ്യമാക്കി ഏറ്റവും കൂടുതൽ കൃഷിയിറക്കിയ കൃഷിഭവൻ. |
| | | **ഏറ്റവും മികച്ച പാടശേഖര സമിതി** |

| | | |
|---|---|---|
| 6 | പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ ( മിത്രാനികേതൻ ) മെമ്മോറിയൽ നെല്ക്കതിര് അവാര്ഡ് | 1. കുറഞ്ഞത് അവാർഡ് വർഷത്തിന് മുമ്പുള്ള കലണ്ടർ വർഷത്തില്ലെങ്കിലും ചാരിറ്റബിള് സൊസൈറ്റി ആക്ട് (1955-തിരുവിതാംകൂര് കൊച്ചി) അനുസരിച്ച് രജിസ്റ്റര് ചെയ്തിരിക്കണം.<br><br>2. കാര്ഷിക മുറകളിലുള്ള കൂട്ടായ്മ.<br><br>3. ഇവക്കു പുറമെ അപേക്ഷിക്കുന്ന പാടശേഖരസമിതികള്തരിശു രഹിത പാടശേഖരങ്ങളായിരിക്കണം. കൃഷി ഭവനും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും സംയുക്തമായി നടത്തിയ ക്രോപ് കട്ടിംഗ് ഡേറ്റാ നിര്ബന്ധമായും ഉള്പ്പെടുത്തിയിരിക്കണം. ഉല്പാദനക്ഷമത കൂടുതൽ കൈവരിച്ച പാടശേഖരത്തിന് മുൻഗണന. കൃഷിയെ സംബന്ധിച്ച പ്രവര്ത്തനങ്ങള് രേഖപ്പെടുത്തി കൃഷി ഓഫീസര് സാക്ഷ്യപ്പെടുത്തണം.<br><br>4. പാട്ടക്കൃഷി ചെയ്യുന്ന പാടശേഖരസമിതിയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പം സമര്പ്പിക്കേണ്ടതാണ്.<br><br>5. പ്രാദേശിക വിപണി കണ്ടെത്തി ഉല്പ്പന്നങ്ങള് വിറ്റഴിക്കുന്ന പാടശേഖര സമിതികള്ക്ക് മുന്ഗണന.<br><br>6. ഉത്തമ കാർഷിക മുറകൾ പിൻതുടരുന്ന പാടശേഖരങ്ങൾക്ക് മുൻഗണന, തെളിവുകൾ സമർപ്പിക്കണം. |
| 7 | ജൈവ കൃഷി നടത്തുന്ന ആദിവാസി ഊരു്/ക്ലസ്റ്റര് | **മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊരു് / ക്ലസ്റ്റര്**<br><br>1. കുറഞ്ഞത് 5 ഹെക്ടറോ അതില് കൂടുതലോ കൃഷി ചെയ്യുന്ന ഊരുകള്/ക്ലസ്റ്ററുകള്, അവയുടെ കൂട്ടായ കൃഷി മുറകള്, ജൈവ വള ഉല്പാദന യൂണിറ്റുകള്, ജീവാണുവളവും, ജൈവ കീടനാശിനികളുടെയും ഉല്പാദനം, വിളവ്, പത്ര/ദൃശ്യ മാധ്യമങ്ങളില് വന്ന വാര്ത്തകള്, സംയോജിത ജൈവ കൃഷി മുറകള് അനുവര്ത്തിക്കുക, വിപണന സൗകര്യം എന്നിവ മാനദണ്ഡങ്ങൾ ആണ് .<br><br>2. പരമ്പരാഗത  കൃഷി രീതികൾ ചെയ്യുന്ന ഊരിന് മുന് |

| | | |
|---|---|---|
| | | ഗണന.<br><br>3. അംഗീകൃത ജൈവ സര്ട്ടിഫിക്കേഷന് ഉള്ളവര്ക്ക് മുന്ഗണന. |
| 8 | സിബി കല്ലിങ്കൽ സ്മാരക കര്ഷകോത്തമ അവാര്ഡ് | **ഏറ്റവും മികച്ച കര്ഷകന് / കര്ഷക**<br><br>1. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉല്പ്പാദനവും , ഉല്പ്പാദനക്ഷമതയും (കുറഞ്ഞത് 1 ഏക്കർ) .<br><br>2. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭര്ത്താവ്/അച്ഛന്/അമ്മ/മക്കള് ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവില് കൃഷി ചെയ്തിട്ടുണ്ടെങ്കില് അപേക്ഷ അവാര്ഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>3. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പം സമര്പ്പിക്കേണ്ടതാണ്.<br><br>4. കാർഷിക മേഖല പ്രധാന ഉപജീവന മാർഗ്ഗം ആക്കിയവർക്ക് മുൻഗണന. |
| 9 | കേരകേസരി | **ഏറ്റവും മികച്ച തെങ്ങു കര്ഷകന്**<br><br>1. വ്യക്തികളെ മാത്രം പരിഗണിക്കുന്നു. സ്ഥാപനങ്ങളെ പരിഗണിക്കുന്നതല്ല.<br><br>2. അവാർഡ് വർഷത്തിൽ നല്ല ഉത്പാദന ക്ഷമതയുള്ള കുറഞ്ഞത് ഒരു ഏക്കർ തെങ്ങിന്തോട്ടം അപേക്ഷകന്റെ ഉടമസ്ഥതയിലായിരിക്കണം. ഭാര്യ/ഭര്ത്താവ്/ അച്ഛന് / അമ്മ/മക്കള് ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവില് കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കില് അപേക്ഷ അവാര്ഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>3. ജൈവവളം, പച്ചിലവളം എന്നിവ സ്വന്തമായി ഉത്പാദിപ്പിക്കുന്ന കര്ഷകന് മുന്ഗണന.<br><br>4. ഇടവിള/സമ്മിശ്ര കൃഷി ചെയ്തിട്ടുള്ളവര്ക്ക് മുന്ഗണന.<br><br>5. വിപണന തന്ത്രം/ഉല്പ്പാദന ക്ഷമത /മൂല്യ വര്ദ്ധന |

| | | |
|---|---|---|
| | | സംരംഭങ്ങൾ മുതലായവ പരിഗണിക്കുന്നു. |
| 10 | പൈതൃകകൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം പ്രവര്ത്തനം നടത്തുന്ന ആദിവാസി ഊര് / വ്യക്തി | പൈതൃക കൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം എന്നിവ ചെയ്യുന്ന വ്യക്തി/ഊരിനെ പരിഗണിക്കുന്നതാണ്. |
| 11 | ജൈവകര്ഷകന് | **മികച്ച ജൈവകര്ഷക / കര്ഷകന്**<br><br>1. രാസവളങ്ങള്/ രാസകീടനാശിനികള് എന്നിവ ഉപയോഗിക്കാതെ കൃഷി ചെയ്തിരിക്കണം.<br><br>2. ഭക്ഷ്യവിളകള് ഉള്പ്പെടെ സമ്മിശ്രകൃഷി രീതിയിലൂടെ നടപ്പാക്കുന്ന കൃഷിസമ്പ്രദായം അനുവര്ത്തിച്ചിരിക്കണം .<br><br>3. മണ്ണ്, ജലസംരക്ഷണ മാര്ഗ്ഗങ്ങള് ഉറപ്പാക്കുന്ന കര്ഷകന്<br><br>4. ജൈവവൈവിധ്യ സംരക്ഷണം, ഇക്കോളജിക്കല് എഞ്ചിനീയറിംഗ് തുടങ്ങിയവ കൃഷിയിടത്തില് കൃത്യമായി നടപ്പിലാക്കിയിരിക്കണം.<br><br>5. സ്വന്തം കൃഷിയിടത്തില് കമ്പോസ്റ്റ്, പച്ചിലവളം എന്നിവ ഉത്പാദിപ്പിക്കുന്ന കര്ഷകന്.<br><br>6. ജൈവ കൃഷിക്കാവശ്യമായ കാലിവളം ലഭിക്കുന്നതിന് കന്നുകാലി വളര്ത്തല്, ആട്ടു വളര്ത്തല് തുടങ്ങിയ സംരഭങ്ങള് നടപ്പിലാക്കിയിരിക്കണം.<br><br>7. ജൈവകൃഷിയില് നിന്നുള്ള ഉല്പന്നങ്ങള് പ്രത്യേകമായി പാക്കിംഗ്, ലേബലിംഗ് നടത്തിയുള്ള വിപണനം ചെയ്യുന്നവരായിരിക്കണം .<br><br>8. ജൈവവളം, ജീവാണുവളം ജൈവകീടനാശിനികള് എന്നിവ ഉപയോഗിച്ച് ലാഭകരമായി കൃഷി ചെയ്യുന്നവരായിരിക്കണം.<br><br>9. കൃഷിയിടത്തിന് ജൈവ സര്ട്ടിഫിക്കേഷന് നിര്ബന്ധം (കുറഞ്ഞത് 30 സെന്റ്). |
| | | **ഏറ്റവും മികച്ച യുവ കര്ഷക / കര്ഷകന്** |

| | | |
|---|---|---|
| 12 | യുവകര്ഷക / യുവകര്ഷകന് | 1. കൃഷിയും അനുബന്ധമേഖലകളിലും ഉള്ള പ്രവര്ത്തനം<br><br>2. അപേക്ഷകന് 18 നും 40 നും ഇടയില് പ്രായം. (അപ േക്ഷിക്കുന്ന സമയത്ത് 40 വയസ്സ് കവിയാന് പാടില്ല). പ്രായം തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ സര്ട്ടിഫിക്കറ്റിന്റെ പകര്പ്പ് സമര്പ്പിക്കണം.<br><br>3. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കൃഷിക്ക് മുൻഗണന.<br><br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭര്ത്താവ്/ അച്ഛന്/ അമ്മ/ മക്കള് ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവില് കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കില് അപേക്ഷ അവാര്ഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>5. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാ ം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പ ം സമര്പ്പിക്കേണ്ടതാണ്.<br><br>6. കാർഷിക മേഖല പ്രധാന ഉപജീവന മാർഗ്ഗം ആക്കിയവർക്ക് മുൻഗണന. |
| 13 | ഹരിതമിത്ര | **ഏറ്റവും മികച്ച പച്ചക്കറി കര്ഷകന്**<br><br>1. കുറഞ്ഞത് 5 ഇനം പച്ചക്കറി എങ്കിലും കൃഷി ചെയ്തിരിക്കണം.<br><br>2. കുറഞ്ഞത് 50 സെന്റില് പച്ചക്കറി കൃഷി ചെയ്തിരിക്കണ ം.<br><br>3. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭര്ത്താവ്/ അച്ഛന്/ അമ്മ/മക്കള് ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവില് ചെയ്തിട്ടുണ്ടെങ്കില് അപേക്ഷ അവാര്ഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>4. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാ ം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പ ം സമര്-പ്പിക്കേണ്ടതാണ്.<br><br>5. ജൈവകൃഷി അനുവര്ത്തിക്കുന്നവര്ക്കു മുന്ഗണന. |

| | | |
|---|---|---|
| 14 | ഹൈടെക് കര്ഷകന് | **ഹൈടെക് കാര്ഷിക രീതികള് അവലംബിക്കുന്ന മികച്ച കര്ഷകന്**<br><br>1. നൂതന കൃഷി രീതികൾ അവലംബിക്കുന്ന കർഷകർക്ക് മുൻഗണന.<br><br>2. പച്ചക്കറി/പുഷ്പ /ഫലവർഗ്ഗ കൃഷി ചെയ്യാവുന്നതാണ്.<br><br>3. അനുവര്ത്തിച്ച കൃഷിരീതി വിളവ്, ചെലവ് എന്നീ വിവരങ്ങള് കൃത്യമായി സൂക്ഷിച്ച കര്ഷകനായിരിക്കണം.<br><br>4. പങ്കെടുത്ത പരിശീലനപരിപാടികളുടെ എണ്ണം പരിഗണിക്കാവുന്നതാണ്<br><br>5. പുതിയ സാങ്കേതിക വിദ്യ മറ്റുള്ളവരുമായി പങ്കിടുന്നതിനുള്ള താല്പര്യം പരിഗണിക്കുന്നതാണ്. |
| 15 | കര്ഷക ജ്യോതി | **പട്ടികജാതി / പട്ടികവര്ഗ്ഗ വിഭാഗത്തിലെ ഏറ്റവും നല്ല കര്ഷകന്**<br><br>1. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭര്ത്താവ്/ അച്ഛന്/അമ്മ/മക്കള് ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവില് കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കില് പ്രസ്തുത അപേക്ഷ അവാര്ഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>2. പാട്ടകൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പം സമര്പ്പിക്കേണ്ടതാണ്. |
| | തേനീച്ച | **മികച്ച തേനീച്ച കര്ഷക / കര്ഷകന്**<br><br>1. സ്വന്തം ഭൂമിയിലോ, പാട്ടത്തിനു എടുത്ത കൃഷിയിടത്തോ തേനീച്ച വളര്ത്തുന്ന കര്ഷകന്, തേനീച്ചകളുടെ ഇനങ്ങള്, ഉല്പ്പന്നത്തിന്റെ അളവ്, പ്രവര്ത്തന വൈവിധ്യം എന്നിവയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കർഷകൻ . |

| | | |
|---|---|---|
| 16 | കര്ഷകന് | 2. പാട്ടക്കൃഷിയുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയ ോടൊപ്പം സമര്പ്പിക്കേണ്ടതാണ്.<br>3. തേനിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ചെയ്യുന്ന കർ ഷകന്<br>4. തേനീച്ച കൃഷി ഉപജീവനം മാർഗ്ഗം ആക്കിയ കർഷകന്<br>5. തേനീച്ച കൃഷിയിൽ പരിശീലനം നൽകുന്ന കർഷകന് |
| 17 | കര്ഷകതിലകം<br>(വനിത ) | **മികച്ച വനിത കര്ഷക**<br>1. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭര്ത്താവ്/ അച്ഛന്/ അമ്മ/മക്കള് ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവില് കൃ ഷി ചെയ്യുന്നവരെയും പരിഗണിക്കാവുന്നതാണ്.<br>2. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകയെയും പരിഗണിക്കാ ം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പ ം സമര്പ്പിക്കേണ്ടതാണ്. |
| 18 | ശ്രമശക്തി | **ഏറ്റവും മികച്ച കര്ഷകതൊഴിലാളി**<br>1. നൂതന യന്ത്രങ്ങള് പ്രവര്ത്തിപ്പിക്കുന്നതിനുള്ള കഴിവ്<br>പരിഗണിക്കാവുന്നതാണ്.<br>2. സ്വന്തം കൃഷിയിടത്തിലെ അധ്വാനം പരിഗണിക്കുന്നത ല്ല.<br>3. 3 വര്ഷം സ്ഥിരമായി മറ്റ് കര്ഷകര്ക്കു വേണ്ടി കര്ഷ ക<br>തൊഴിലാളിയായി പ്രവര്ത്തിച്ചിരുന്നു എന്ന് കൃഷി ഓഫീ സറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമര്പ്പിക്കേ ണ്ടതാണ്. |
| 19 | കാർഷിക മേഖലയിലെ നൂതന ആശയം | കാര്ഷിക മേഖലക്കും കര്ഷകര്ക്കും ഉപകാരപ്രദമായ ക ണ്ടുപിടിത്തം നടത്തിയ കർഷകൻ / സംരംഭകർ/ വ്യക്തി കൾ , അവയുടെ പ്രയോഗം, ഗുണഫലങ്ങള് എന്നിവ പ രിഗണിക്കും . |
| | | |

| | | |
|---|---|---|
| 20 | കര്ഷകഭാരതി | **മികച്ച മാധ്യമ പ്രവർത്തകൻ**<br><br>1. അച്ചടി, ദൃശ്യ, ശ്രവ്യ, നവ മാധ്യമങ്ങള് വഴി മലയാള ഭ ാഷയിലൂടെ കാര്ഷിക മേഖലക്ക് വിലപ്പെട്ട സംഭാവന കള് നല്കുന്ന വ്യക്തി.<br><br>2. അവാർഡ് വർഷത്തിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളും / സംപ്രേക്ഷണം ചെയ്ത വീഡിയോ / ഡോക്യുമെന്ററി മുത ലായവ സമർപ്പിക്കേണ്ടതാണ്<br><br>3. വ്യക്തികളുടെ നാമനിര്ദ്ദേശം മാത്രമേ പരിഗണിക്കുക യുള്ളൂ.<br><br>4. ഗവേഷണ പ്രസിദ്ധീകരണങ്ങള് പരിഗണിക്കുന്നതല്ല.<br><br>**5. ഈ ഗണത്തിൽ ലഭ്യമായില്ലെങ്കിൽ ഏറ്റവും മികച്ച ജേ ർണലിസ്റ്റിനെ കണ്ടെത്തേണ്ട ചുമതല എഫ്.ഐ.ബി യ്ക്ക് ആയിരിക്കും.** |
| 21 | ക്ഷോണിസംരക്ഷണ അവാർഡ് ( മികച്ച മണ്ണ് സംരക്ഷണ പ്രവര്ത്ത നം ചെയ്യുന്ന കര്ഷകന് ) | 1. അവാർഡ് വർഷം വരെ കുറഞ്ഞത് 5 വര്ഷമെങ്കിലും മണ്ണ സംരക്ഷണ പ്രവര്ത്തനങ്ങള് തുടര്ച്ചയായി സ്വന്തം കൃഷി ഭൂമിയില് ചെയ്തിരിക്കണം. ഈ കാലയളവില് സ്ഥ ലം കൈമാറുകയോ വില്ക്കുകയോ ചെയ്യാന് പാടുള്ളത ല്ല.<br><br>2. ലൈഫ് ടൈം അച്ചീവ്മെന്റ് അവാര്ഡിനായി നല്ല പ്ര വര്ത്തനങ്ങള് പരിഗണിക്കുന്നതാണ്.<br><br>3. കൃഷിയിടങ്ങളിലെ പ്രവര്ത്തനങ്ങള് ചെലവ് കുറഞ്ഞ തും പരിസ്ഥിതിക്ക് തുണ ആയതും മറ്റു കര്ഷകര്ക്ക അനു വര്ത്തിക്കാ വുന്നതുമായിരിക്കണം. |
| 22 | കൂണ് കര്ഷക /<br><br>കര്ഷകന് | 1. സംസ്ഥാനത്തിനകത്ത് വിപുലമായ രീതിയില് കൂണ് കൃ ഷി നടത്തി നല്ല രീതിയില് വിപണനം നടത്തുന്ന കര്ഷക ന് (കുറഞ്ഞത് 500 ബെഡ്).<br><br>2. തുടർച്ചയായ കൂൺ മേഖലയിൽ നിലനിൽക്കുന്നവരെ യും , പരിശീലനം നൽകുന്നവരെയും പരിഗണിക്കാം.<br><br>3. മൂല്യവർദ്ധന സംരംഭകർക്ക് മുൻഗണന |

| | | |
|---|---|---|
| 23 | ചക്ക സംസ്കരണം/ മൂല്യവർദ്ധന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ ഗ്രൂപ്പ് | ചക്കയുടെ സംസ്കരണ രീതികളുടെ കണ്ടെത്തല്, പ്രചരണം, സംസ്കരണ രീതികളുടെ വൈവിധ്യം, ഉല്പ്പന്നങ്ങളുടെ വൈവിധ്യം, വിപണനം. |
| 24 | കൃഷിക്കൂട്ടം | |
| | എ) ഉൽപ്പാദന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | 1. കൃഷി ചെയ്യുന്ന വിളകൾ, വിസ്തൃതി , ഉത്പാദനം<br>2. തരിശു ഭൂമി കൃഷിയോഗ്യമാക്കിയ വിവരങ്ങൾ.<br>3. സംയോജിത കൃഷി രീതികൾ അവലംബിച്ചിട്ടുണ്ടോ? വ ിവരങ്ങൾ.<br>4. ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം.<br>5. ജൈവ കാർഷിക മുറകളുടെ ഉപയോഗം അഭികാമ്യം.<br>6. കൃഷിയിൽ നിന്നും ലഭിച്ച വരുമാനം.<br>7. മൂല്യവർദ്ധിത കൃഷിയിലെ ഇടപെടൽ |
| | ബി) സേവന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | 1. യന്ത്രവൽകൃത മേഖലയിലെ പ്രവർത്തനം<br>2. ഇതര സേവനമേഖലയിലെ പ്രവർത്തനം<br>3. കാർഷിക മേഖലയിലെ മറ്റ് ഇടപെടൽ |
| | സി) മൂല്യവർദ്ധിത മേഖലയിലെ മ ികച്ച കൃഷിക്കൂട്ടം | 1. ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ എണ്ണം. / അളവ് .<br>2. നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം .<br>3. മെഷിനറികളുടെ വിനിയോഗം<br>4. വാർഷിക വിറ്റു വരവ്<br>5. ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ് , വിപണനം, ഗുണമേന്മ<br>6. ഉല്പാദന - സേവന കൃഷികൂട്ടങ്ങളുമായിട്ടുള്ള മുൻ പിൻ ബന്ധം |
| | | 1. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉല്പ്പാ |

| | | |
|---|---|---|
| 25 | കര്ഷക വിദ്യാര്ത്ഥി<br>(സ്കൂൾ)<br><br>(ഏറ്റവും മികച്ച കാര്ഷിക പ്രവര്ത്തനങ്ങള് നടത്തുന്ന 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാര്ത്ഥി / വിദ്യാര്ത്ഥിനി.) | ദനം.<br><br>2. നാമനിര്ദ്ദേശ തീയതി മുതല് പുറകോട്ടുള്ള ഒരു വര്ഷത്തിന കമുള്ള കാര്ഷിക പ്രവര്ത്തികള്.<br><br>3. അപേക്ഷക/അപേക്ഷകന് തന്നെ കാര്ഷിക മുറകള് കൈകാര്യം ചെയ്തിരിക്കണം.<br><br>5. സ്കൂളുകളില് നിന്നുള്ള സാക്ഷ്യപത്രം.<br><br>6. സ്കൂള് കോമ്പൌണ്ടിലും, വീട്ടുവളപ്പിലും കൃഷിയിലുള്ള സജീവ പങ്കാളിത്തം, കൃഷിയിലുള്ള അറിവ്, പരിചയം, എന്നിവ പരിഗണിക്കാവുന്നതാണ്. |
| 26 | കര്ഷക വിദ്യാര്ത്ഥി<br>(ഹയര് സെക്കന്ററി സ്കൂള്)<br><br>(മികച്ച ഹയര് സെക്കന്ററി സ്കൂള് കര്ഷക വിദ്യാര്ത്ഥി / വിദ്യാര്ത്ഥിനി) | ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും ഫലപ്രദമായി അവലംബിച്ച് കൃഷി ചെയ്യുന്ന 11,12-ാം ക്ലാസ്സ് വിദ്യാര്ത്ഥി / വിദ്യാർത്ഥിനി. |
| 27 | കര്ഷക വിദ്യാര്ത്ഥി<br>(കലാലയം)<br><br>(മികച്ച കലാലയ കര്ഷക വിദ്യാര്ത്ഥി/ വിദ്യാർത്ഥിനി.) | ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും ഫലപ്രദമായി അവലംബിച്ച് കൃഷി ചെയ്യുന്ന കോളേജ് വിദ്യാര്ത്ഥി / വിദ്യാർത്ഥിനി (ഐ.റ്റി.ഐ /പോളിടെക്നിക് / പ്രൊഫഷണൽ കോളേജുകൾ, മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും ഉൾപ്പെടുത്താം). |
| 28 | കാർഷിക മേഖലയിൽ കയറ്റുമതി വ്യക്തി/ഗ്രൂപ്പ് | കേരളത്തിനകത്തെ കര്ഷകരില് നിന്നും നേരിട്ട് പഴം, പച്ചക്കറി എന്നിവ സംഭരിച്ച് മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്ന വ്യക്തി/ഗ്രൂപ്പ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് തീരുമാനത്തിലെത്താം) |
| | | 1. കാർഷിക ലോൺ / KCC വിതരണം<br><br>2. സാമ്പത്തിക സഹായം നൽകുന്ന കൃഷിക്കൂട്ടങ്ങളുടെ എണ്ണം<br><br>3. കാർഷിക മേഖലയിൽ നിന്നും നേരിട്ടുള്ള പ്രവർത്തന |

| | | |
|---|---|---|
| 29 | പ്രാഥമിക കാര്ഷിക വായ്പാ സഹകരണ സംഘങ്ങള് (PACS) | ത്തിലൂടെ ലഭിച്ച വരുമാനം<br>4. മൂല്യവർദ്ധിത യൂണിറ്റുകളുടെ എണ്ണം<br>5. കാർഷിക മേഖലയിൽ കൂടുതല് ഇടപെടലുകള്<br>6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപനം (Loan linked schemes) |
| 30 | എഫ്.പി.ഒ/<br>എഫ്.പി.സി | കാർഷിക ഉല്പാദനോപാധികളുടെ ഉൽപാദനം, സംഭരണം, മേളകളിലെ പങ്കാളിത്തം, കർഷകരുടെ എണ്ണം, ബ്രാൻഡിംഗ്, ഉൽപ്പന്നങ്ങളുടെ എണ്ണം, വിറ്റുവരവ് , ലാഭ ം, വിപണനം, കാർഷിക ഉല്പ്പന്നങ്ങള് സംഭരിച്ച് തരം തിരിച്ച്/ഗ്രേഡ് ചെയ്ത് സൂക്ഷിച്ച് വിപണനം നടത്തൽ, മൂല്യവർദ്ധിത സംരംഭങ്ങൾ നിന്ന് ലഭ്യമായ വരുമാനം (മുൻ സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റ്). |
| 31 | റെസിഡന്സ് അസോസിയേഷന്<br>(കൃഷി നടത്തുന്ന മികച്ച റെസിഡന്സ് അസോസിയേഷന്) | 1. റെസിഡന്റ്സ് അസ്സോസിയേഷനിലുള്ള പകുതിയില് അധികം വീടുകളില് കൃഷി നടത്തിയിരിക്കണം.<br>2. അവാർഡ് വർഷം വരെ തുടര്ച്ചയായി 2 വര്ഷമെങ്കിലും കൃഷി ചെയ്തവരായിരിക്കണം.<br>3. പ്രാദേശികമായി കാർഷിക ഇൻപുട്ട് സപ്ലൈ അഭികാമ്യം<br>4. പ്രാദേശിക വിപണി കണ്ടെത്തിയിരിക്കണം .<br>5. പോഷക പ്രാധാന്യമുള്ള വിളകളുടെ കൃഷിക്കു മുൻഗണന.<br>6. കൃഷി പ്രോഹത്സാഹിപ്പിക്കുന്നതിനുള്ള സോഷ്യൽ മീഡിയ ഉപയോഗം അഭികാമ്യം. |
| 32 | വിദ്യാഭ്യാസ സ്ഥാപനം<br>(മികച്ച വിദ്യാഭ്യാസ സ്ഥാപനം ( | വിദ്യാഭ്യാസ സ്ഥാപനങ്ങളില് കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി, മികച്ച ലേ ഔട്ട്, പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം, വിളവ്, ജൈവ കാര്ഷിക മുറകളുടെ ഉപയ ോഗം, കൃഷിയുടെ വിവിധ ഘട്ടങ്ങള് ചിത്രീകരിച്ച രേഖകള്, ഹരിത ക്ലബ്ബുകളുടെ പ്രവര്ത്തനം, വിവിധ കാര്ഷിക |

| | | |
|---|---|---|
| | സ്കൂള്/കോളേജ്) ) | പ്രവര്ത്തനങ്ങളുടെ റെജിസ്റ്ററുകള്, പത്ര/ദൃശ്യ മാധ്യമങ്ങളില് വന്ന വാര്ത്തകള്, കൃഷിയിലുള്ള പ്രവര്ത്തി പരിചയത്തിന്റെ കാലയളവ്, ലഭ്യമായ വിളവിന്റെ വിശദ വിവരം. |
| 33. | സ്പെഷ്യൽ സ്കൂൾ<br><br>(മികച്ച ഭിന്നശേഷിക്കാരായ കുട്ടികളുള്ള വിദ്യാഭ്യാസ സ്ഥാപനം ) | വിദ്യാഭ്യാസ സ്ഥാപനങ്ങളില് കുറഞ്ഞത് 5 മുതൽ 10 സെന്റ് സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി, മികച്ച ലേ ഔട്ട്, പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം, വിളവ്, ജൈവ കാര്ഷിക മുറകളുടെ ഉപയോഗം, കൃഷിയുടെ വിവിധ ഘട്ടങ്ങള് ചിത്രീകരിച്ച രേഖകള്, ഹരിത ക്ലബ്ബുകളുടെ പ്രവര്ത്തനം, വിവിധ കാര്ഷിക പ്രവര്ത്തനങ്ങളുടെ റെജിസ്റ്ററുകള്, പത്ര/ദൃശ്യ മാധ്യമങ്ങളില് വന്ന വാര്ത്തകള്, കൃഷിയിലുള്ള പ്രവര്ത്തി പരിചയത്തിന്റെ കാലയളവ്, ലഭ്യമായ വിളവിന്റെ വിശദ വിവരം (ഹോർട്ടികൾച്ചർ തെറാപ്പിയുടെ സാധ്യതകളുടെ പ്രയോജനപ്പെടുത്തൽ) |
| 34. | പച്ചക്കറി ക്ലസ്റ്റര് | 1. കുറഞ്ഞത് 5 ഹെക്ടറോ അതില് കൂടുതലോ കൃഷി ചെയ്യുന്ന പഴയതും പുതിയതുമായ ക്ലസ്റ്ററുകള്.<br><br>2. കൂട്ടായ കൃഷി മുറകള്, ജൈവ വള ഉല്പാദന യൂണിറ്റുകള്, ജീവാണുവളവും, ജൈവ കീടനാശിനികളുടെയും ഉല്പാദനം, വിളവ്, പത്ര/ദൃശ്യ മാധ്യമങ്ങളില് വന്ന വാര്ത്തകള്, പുതിയ സാങ്കേതി വിദ്യകളുടെ ഉപയോഗം, സംയോജിത കൃഷി മുറകള് അനുവര്ത്തിക്കുക, വിപണന സൗകര്യം. എന്നി ഘടകങ്ങൾ പ്രാവർത്തികമാക്കുന്ന ക്ലസ്റ്ററുകൾക്ക് മുൻഗണന..<br><br>3. പാട്ടക്കൃഷി ചെയ്യുന്നവരെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പം സമര്പ്പിക്കേണ്ടതാണ്. |
| 35. | പോഷക തോട്ടം | മട്ടുപ്പാവിൽ / വീട്ടുവളപ്പില് പോഷക തോട്ടം സജ്ജമാക്കിയിരിക്കണം. വൈവിധ്യങ്ങളായ സങ്കരയിനങ്ങൾ ഉൾപ്പടെ വിവിധ വിളകളുടെ കൃഷി ഉണ്ടായിരിക്കണം. കുറഞ്ഞത് 100 ചട്ടി/കണ്ടെയ്നറിൽ കൃഷി ഉണ്ടാകണം. ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ ആയിരിക്കണം അ |

| | | |
|---|---|---|
| | | വലംബിക്കേണ്ടത്. |
| 36. | പൊതു മേഖലാ സ്ഥാപനം | കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് ഭക്ഷ്യ വിളകളുടെ ക്ൃഷി, മികച്ച ലേ ഔട്ട്, ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം, ജൈവ കാര്ഷിക മുറകളുടെ ഉപയോഗം, വിളവ്, കൃഷിയുടെ വിവിധ ഘട്ടങ്ങള് ചിത്രീകരിച്ച രേഖകള്,വിവിധ കാര്ഷിക പ്രവര്ത്തനങ്ങളുടെ റെജിസ്റ്ററുകള്, പത്ര/ദൃശ്യ മാധ്യമങ്ങളില് വന്ന വാര്ത്തകള്, കൃഷിയിലുള്ള പ്രവര്ത്തി പരിചയത്തിന്റെ കാലയളവ്. ലഭ്യമായ വിളവ് , ഇതില് നിന്നും ലഭിച്ച വരുമാനം. ജീവനക്കാരുടെ പങ്കാളിത്തം. തുടങ്ങിയവ മാനദണ്ഡങ്ങളാണ് . |
| 37. | സ്വകാര്യ സ്ഥാപനം | 1. കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് പച്ചക്കറി ക്ൃഷി, മികച്ച ലേ ഔട്ട്, പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം, ജൈവ കാര്ഷിക മുറകളുടെ ഉപയോഗം, വിളവ്, കൃഷിയുടെ വിവിധ ഘട്ടങ്ങള് ചിത്രീകരിച്ച രേഖകള്, വിവിധ കാര്ഷിക പ്രവര്ത്തനങ്ങളുടെ റെജിസ്റ്ററുകള്, പത്ര/ദൃശ്യ മാധ്യമങ്ങളില് വന്ന വാര്ത്തകള്, കൃഷിയിലുള്ള പ്രവര്ത്തി പരിചയത്തിന്റെ കാലയളവ്. ലഭ്യമായ വിളവ് , ഇതില് നിന്നും ലഭിച്ച വരുമാനം. ജീവനക്കാരുടെ പങ്കാളിത്തം. എന്നിവ മാനദണ്ഡമാക്കാം .<br>2. പാട്ടക്കൃഷി ചെയ്യുന്നവരെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകള് അപേക്ഷയോടൊപ്പം സമര്പ്പിക്കേണ്ടതാണ്. |

<u>**വിജ്ഞാന വ്യാപന അവാർഡുകൾ**</u>

കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഫാം ഓഫീസർ, കൃഷി ഓഫീസർ, അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് എന്നീ തസ്തികകളിലുള്ളവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. **അവാർഡ് വർഷത്തെ കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള മികവാണ് അവാർഡിനുള്ള മാനദണ്ഡം.**

| ക്രമ നം. | വിഭാഗം |
|---|---|

| | |
|---|---|
| 38. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 39. | ഫാം ഓഫീസർ |
| 40. | കൃഷി ഓഫീസർ |
| 41. | അസിസ്റ്റന്റ് കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ് |

രേഖകൾ ശരിയായി സൂക്ഷിക്കൽ, അക്കൗണ്ടിംഗ്, ഓഫീസ് മാനേജ്മെന്റ് എന്നിവയോടൊപ്പം താഴെപ്പറയുന്ന ഘടകങ്ങൾ കൂടി പരിഗണിക്കുന്നതാണ്.

- കാർഷിക മേഖലയിലെ വൈവിദ്ധ്യവൽക്കരണത്തിനു കാട്ടിയ മികവ്
- കാർഷിക ബ്ലോക്ക് / കൃഷിഭവൻ തലത്തിൽ ഉല്പാദന വിപണന പ്ലാൻ തയ്യാറാക്കിയതിലുള്ള മികവ് .
- കൃഷിഭവൻ തലത്തിലെ ഊർജ്ജസ്വലമായ കൃഷിക്കൂട്ടങ്ങളുടെ എണ്ണം
- ബ്ലോക്ക് / കൃഷിഭവൻ തലത്തിലുള്ള എഫ്.പി.ഒ കളുടെ പ്രവർത്തനം
- വർഷത്തിൽ കൂടിയ കാർഷിക വികസന സമിതിയുടെ എണ്ണം
- വിജ്ഞാന വ്യാപന രംഗത്തെ മികച്ച പ്രവർത്തനം
- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2023-24) സംസ്ഥാന കേന്ദ്ര / ജനകീയാസൂത്രണ പദ്ധതികളിൽ കൃഷിയ്ക്കായി ഏറ്റവും കൂടുതൽ ശതമാനം ചെലവഴിച്ച ബ്ലോക്ക് / കൃഷിഭവൻ.
- ഇക്കോഷോപ്പ് / പ്ലാന്റ് ഹെൽത്ത് ക്ലിനിക് / കാർഷിക കർമ്മസേന / അഗ്രോസർവ്വീസ് സെന്റർ / കൃഷിശ്രീ സെന്റർ തുടങ്ങിയവ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ബ്ലോക്ക്/ കൃഷിഭവൻ.
- കർഷകർക്ക് പ്രയോജനകരമാകുന്ന നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബ്ലോക്ക് / കൃഷിഭവൻ.
- ഡിജിറ്റൽ സാങ്കേതിക വിദ്യാ പ്രയോജനപ്പെടുത്തുന്ന ബ്ലോക്ക് / കൃഷിഭവൻ.
- മൂല്യവർദ്ധന മേഖലയിൽ ഏറ്റവും കൂടുതൽ ഗ്രൂപ്പ് / സംരംഭം എന്നിവയിൽ ഇടപെടലുകൾ നടത്തിയിട്ടുള്ള ബ്ലോക്ക് / കൃഷിഭവൻ
- കൂടുതൽ കർഷകരെ AIMS പോർട്ടലിൽ ചേർത്ത ബ്ലോക്ക് / കൃഷിഭവൻ.

- വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർത്ത ബ്ലോക്ക് / കൃഷിഭവൻ.
- Agriculture Infrastructure Fund കൂടുതൽ ലഭ്യമാക്കിയ ബ്ലോക്ക് / കൃഷിഭവൻ
- കേരളകർഷകൻ മാസികയിൽ കൂടുതൽ കർഷകരെ വരിക്കാരാക്കിയ ബ്ലോക്ക് / കൃഷിഭവൻ.
- മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ബ്ലോക്ക് / കൃഷിഭവൻ.
- ഹൈടെക് കൃഷിമുറകൾ / നവീന കാർഷിക മുറകൾ എന്നിവ കർഷകരിലെത്തിച്ച്, കർഷക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്ത ബ്ലോക്ക് / കൃഷിഭവൻ
- കൃഷിക്കൂട്ടങ്ങൾ, ഫാം പ്ലാൻ, 'ഒരു കൃഷി ഭവൻ ഒരു ഉൽപ്പന്നം', കേരളാഗ്രോ ബ്രാൻഡിംഗ് ഉൽപ്പന്നങ്ങൾ എന്നിവയിൽ മികവ് തെളിയിച്ച ബ്ലോക്ക് / കൃഷിഭവൻ
- തരിശുഭൂമി കാർഷികയോഗ്യമാക്കി ഏറ്റവും കൂടുതൽ കൃഷിയിറക്കിയ ബ്ലോക്ക്/ കൃഷിഭവൻ
- കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ ശരിയായ നടത്തിപ്പും നേട്ടങ്ങളും
- കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കാട്ടിയിട്ടുള്ള ആർജ്ജവം
- കൃഷിയിലും അനുബന്ധമേഖലകളിലും നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കിയതിലുള്ള വൈഭവം
- കർഷകർക്ക് പദ്ധതി നടത്തിപ്പിന് വേണ്ടി നൽകുന്ന സഹായങ്ങൾ
- നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം, തരിശുനില കൃഷി, അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയുടെ ശരിയായ നടത്തിപ്പ്, ജൈവകൃഷി, മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ - തുടങ്ങിയവ
- ഫാമുകളുടെ അടിസ്ഥാന സൌകര്യങ്ങൾ, തൊഴിലാളികളുടെ കാര്യക്ഷമത, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, വൈവിധ്യവത്ക്കരണം എന്നിവയ്ക്ക് മുൻഗണന.
- ഫാമിനോട് ചേർന്നുള്ള ഓഫീസ്, പോട്ടിംഗ് ഷെഡ് തുടങ്ങിയ എല്ലാ അനുബന്ധ സൌകര്യങ്ങൾ വൃത്തിയോടെയും ചിട്ടയോടെയുമാണോ സജ്ജീകരിച്ചിരിക്കുന്നത് എന്ന് വിലയിരുത്തണം.
- തരിശ്ശു ഭൂമി പരമാവധി ഉൾപ്പെടുത്തി ഫാമിന്റെ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ളതും, കാർബൺ ന്യൂട്രൽ ഫാർമിംഗും കേരളാഗ്രോ ബ്രാൻഡിംഗ് ഉപയോഗപ്പെടുത്തി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്ന ഫാം ഓഫീസർക്ക് മുൻഗണന.
- ഫാമിലെ നടീൽ വസ്തുക്കളുടെ ഉത്പാദനം, വിവിധ വിളകൾ, ശാസ്ത്രീയ വിള പരിപാലനം

എന്നിവ വിലയിരുത്തുന്നതാണ്.

കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ, ഫാം ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ അവാർഡിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലയിലെ മികച്ച ഓഫീസർമാരെ കണ്ടെത്തി സംസ്ഥാനതല അവാർഡിന് നോമിനേറ്റ് ചെയ്യേണ്ടതാണ്.

Signed by
Adeela Abdulla
Date: 20-07-2024 18:13:22

Dr ADEELA ABDULLA IAS
DIRECTOR

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് -സംസ്ഥാന കർഷക അവാർഡ്-2023 വർഷത്തെ സംസ്ഥാന കർഷക അവാർഡുകൾ പുനഃക്രമീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി ( ഇ ബി )വകുപ്പ്**

സ.ഉ.(സാധാ) നം.669/2024/AGRI തീയതി, തിരുവനന്തപുരം, 20-07-2024

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 12/07/2024 തീയതിയിലെ ADFW/4813/2024-TV1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നൽകുന്ന കാർഷിക മേഖലയിലെ അവാർഡുകൾ പുനഃക്രമീകരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നൽകുന്ന കാർഷിക അവാർഡുകൾ അനുബന്ധം പ്രകാരം പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. അവാർഡുകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിന് കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്,
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) (എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പുതിയ അവാർഡുകൾ

| ക്രമ നം. | അവാർഡിന്റെ പേര് | വിശദാംശം |
|---|---|---|
| 1 | **ശ്രീ. സി. അച്യുതമേനോൻ സ്മാരക അവാർഡ്** (കേരളത്തിലെ മുൻ മുഖ്യമന്ത്രിയും ആദ്യ മന്ത്രിസഭയിലെ കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ. സി. അച്യുതമേനോന്റെ പേരിൽ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്ന അവാർഡ്) | 10 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 2 | **എം.എസ് സ്വാമിനാഥൻ അവാർഡ്** (കാർഷിക ഗവേഷണത്തിന്) | ഫലകം, സർട്ടിഫിക്കറ്റ് |
| 3 | അതാത് വർഷങ്ങളിൽ കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ മികവോടെ നടപ്പിലാക്കിയ കൃഷി ഭവനു നൽകുന്ന അവാർഡ് (2023-മില്ലറ്റ് പദ്ധതി) | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 4 | കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വ്യക്തിക്ക് നൽകുന്ന അവാർഡ് | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |

## നിലവിലുള്ള അവാർഡുകൾ

| ക്രമ നം. | അവാർഡിന്റെ പേര് | | വിശദാംശം |
|---|---|---|---|
| 5 | ശ്രീ. വി.വി രാഘവൻ സ്മാരക അവാർഡ് (കൃഷിഭവനുകൾ സ്ഥാപിച്ച, മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.വി രാഘവന്റെ പേരിൽ, മികച്ച പ്രവർത്തനം കാഴ്ചവച്ച കൃഷിഭവന് നൽകുന്ന അവാർഡ്) | | 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 6 | പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ (മിത്രാനികേതൻ) മെമ്മോറിയൽ<br><br>നെൽക്കതിർ അവാർഡ് | | 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 7 | ജൈവകൃഷി നടത്തുന്ന ആദിവാസി ഊര്/ ക്ലസ്റ്റർ | ഒന്നാം സ്ഥാനം | 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 8 | സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 9 | കേരകേസരി | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 10 | പൈതൃക കൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര് / വ്യക്തി | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 11 | ജൈവ കർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 12 | യുവ കർഷക/ യുവകർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 13 | ഹരിത മിത്ര | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 14 | ഹൈടെക് കർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 15 | കർഷകജ്യോതി | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 16 | തേനീച്ച കർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 17 | കർഷകതിലകം (വനിത) | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 18 | ശ്രമശക്തി | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 19 | കാർഷിക മേഖലയിലെ നൂതന ആശയം | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 20 | കർഷകഭാരതി | | |
| | a) അച്ചടി മാധ്യമം | | 50,000/- രൂപ , ഫലകം, സർട്ടിഫിക്കറ്റ് |
| | b) ദൃശ്യ മാധ്യമം | | 50,000/- രൂപ , ഫലകം, സർട്ടിഫിക്കറ്റ് |
| | c) നവ മാധ്യമം | | 50,000/- രൂപ , ഫലകം, സർട്ടിഫിക്കറ്റ് |
| | d) ശ്രാവ്യ മാധ്യമം | | 50,000/- രൂപ , ഫലകം, സർട്ടിഫിക്കറ്റ് |
| 21 | ക്ഷോണിസംരക്ഷണ അവാർഡ് | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 22 | മികച്ച കൂൺ കർഷക/ കർഷകൻ | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 23 | ചക്ക സംസ്കരണം/ മൂല്യവർദ്ധന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ ഗ്രൂപ്പ് | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 24 | കൃഷിക്കൂട്ടം | | |
| | എ) ഉൽപ്പാദന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | ബി) സേവന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | സി) മൂല്യവർദ്ധിത മേഖലയിലെ മികച്ച കൃഷിക്കൂട്ടം | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 25 | കർഷക വിദ്യാർത്ഥി (സ്കൂൾ) | | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 26 | കർഷക വിദ്യാർത്ഥി (ഹയർ സെക്കന്ററി സ്കൂൾ) | | 25,000/-രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 27 | കർഷക വിദ്യാർത്ഥി (കലാലയം) | | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 28 | കാർഷിക മേഖലയിൽ കയറ്റുമതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ഗ്രൂപ്പ് | | ഫലകം, സർട്ടിഫിക്കറ്റ് |
| 29 | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) | | ഫലകം, സർട്ടിഫിക്കറ്റ് |
| 30 | എഫ്.പി.ഒ / എഫ്.പി.സി | | ഫലകം, സർട്ടിഫിക്കറ്റ് |
| 31 | റെസിഡൻസ് അസോസിയേഷൻ | | ഫലകം, സർട്ടിഫിക്കറ്റ് |
| 32 | വിദ്യാഭ്യാസ സ്ഥാപനം | ഒന്നാം സ്ഥാനം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 33 | സ്പെഷ്യൽ സ്കൂൾ | ഒന്നാം സ്ഥാനം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 34 | പച്ചക്കറി ക്ലസ്റ്റർ | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 35 | പോഷക തോട്ടം | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 36 | പൊതു മേഖല സ്ഥാപനം | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 37 | സ്വകാര്യ സ്ഥാപനം | | ഫലകം, സർട്ടിഫിക്കറ്റ് |
| 38 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| 39 | ഫാം ഓഫീസർ | ഒന്നാം സ്ഥാനം<br>രണ്ടാം സ്ഥാനം<br>മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| 40 | കൃഷി ഓഫീസർ | ഒന്നാം സ്ഥാനം<br>രണ്ടാം സ്ഥാനം<br>മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| 41 | അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് | ഒന്നാം സ്ഥാനം<br>രണ്ടാം സ്ഥാനം<br>മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |